DESPATCHE
On. 6/2/23

7

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2166(2)/2020**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5673**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. അനൂപ് വി.,**
**പി.ബി.നം.1,**
**ആലംകോട് പി.ഒ.,**
**തിരുവനന്തപുരം.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ഡെപ്യൂട്ടി ഡയറക്ടർ (അക്കാദമിക് വിഭാഗം),**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**(ഹയർ സെക്കന്ററി വിഭാഗം),**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,**
**ശാന്തി നഗർ, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി&**
**ജോയിന്റ് ഡയറക്ടർ(അക്കാഡമിക്),**
**ഹയർ സെക്കന്ററി വിഭാഗം,**
**തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.01.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27.07.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 02.06.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03.06.2020 |
| ഹിയറിംഗ് നടന്ന തീയതി | 20.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അനൂപ് വി., 02.06.2020ന് സമർപ്പിച്ച അപ്പീൽ ഹർജി 03.06.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2166(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു അപൂർണ്ണമായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ്.

3. പരാതി ഹർജിക്കാരൻ 20.01.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) Acquittance Register ൽ ഒപ്പിടുന്നതിനായി valuation പൂർത്തിയായ ശേഷം മറ്റൊരു വർക്കിംഗ് ദിവസം valuation ക്യാമ്പായിരുന്ന സ്കൂളിൽ പോകുന്നത് OD ആയി പരിഗണിക്കുമെങ്കിൽ പ്രസ്തുത വിവരം സൂചിപ്പിക്കുന്ന രേഖ/ഉത്തവ്/സർക്കുലറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

2) Acquittance Register ൽ ഒപ്പിടുന്നതിനായി 2019 ഓഗസ്റ്റിൽ ജി.എച്ച്.എസ്. എസ്. മണക്കാടിൽ നടന്ന ഹയർസെക്കന്ററി ആദ്യ വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ valuation പൂർത്തിയായ ശേഷം മറ്റൊരു വർക്കിംഗ് ദിവസം valuation ക്യാമ്പായിരുന്ന ജി.എച്ച്.എസ്.എസ്. മണക്കാടിൽ പോകുന്നത് OD ആയി പരിഗണിക്കുമെങ്കിൽ പ്രസ്തുത വിവരം സൂചിപ്പിക്കുന്ന രേഖ/ഉത്തവ്/സർക്കുലറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

3) ഹയർ സെക്കന്ററി ആദ്യ വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ 2019 ഓഗസ്റ്റിൽ നടന്ന valuation ൽ valuation അവസാനിക്കുന്ന ദിവസം തന്നെ Acquittance Register തയ്യാറാക്കി ഒപ്പിടുന്നതിനായി നൽകണമെന്ന് valuation ക്യാമ്പുകളായിരുന്ന സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിൽ പ്രസ്തുത വിവരം സൂചിപ്പിക്കുന്ന രേഖ/ഉത്തവ്/സർക്കുലറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും തുടങ്ങി 21 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. 13.03.2020ന് സമർപ്പിച്ച അപ്പീൽ ഹർജിക്ക് 13.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, കോവിഡ്-19 രോഗവ്യാപനത്തെ തുടർന്ന് ടി ഓഫീസ്

പ്രവർത്തിക്കാതിരുന്നതിനാലാണ് സമയബന്ധിതമായി ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുവാൻ സാധിക്കാത്തതെന്നും ക്രമനമ്പർ 12, 13, 14, 16, 17 എന്നിവയ്ക്ക് അർഹതയില്ലെന്നും ആയതുമായി ബന്ധപ്പെട്ട ഉത്തരവ് നിലവിലില്ലെന്നും ക്രമമ്പർ 15 സംബന്ധിച്ച ഉത്തരവ് ടി ഓഫീസിൽ ലഭ്യമല്ലെന്നും ആയതിനു വേണ്ടി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമാണ്.

5. എതിർകക്ഷി 27.07.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി ഓഫീസിലെ പല സെക്ഷനിൽ നിന്നും ക്രോഢീകരിച്ച് ലഭ്യമാക്കേണ്ടവയായിരുന്നുവെന്നും ടിയാന്റെ അപ്പീൽ ഹർജിയിൽ പരാമർശിക്കുന്നത് അക്കാദമിക് വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണെന്നാണ്. എന്നാൽ 20.01.2020ലെ പ്രസ്തുത അപേക്ഷ അക്കാദമിക് സെക്ഷനിൽ ലഭ്യമായിരുന്നില്ലെന്നും ആയതിനാൽ പിന്നീട് വന്ന അപ്പീൽ അപേക്ഷ കോവിഡ് രോഗവ്യാപനത്തെ തുടർന്ന് ലോക്ക്ഡൗൺ ആയതിനാൽ 10.08.2020നാണ് സെക്ഷനിൽ ലഭ്യമായതെന്നും ആയതിന് മറുപടി നൽകിയിരുന്നുവെന്നും പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നുവെന്നാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി ഓഫീസിലെ പല സെക്ഷനിൽ നിന്നും ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടവയായിരുന്നുവെന്നും അപ്പീൽ അപേക്ഷയിൽ പരാമർശിക്കുന്നത് അക്കാദമിക് വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണെന്നും 20.01.2020ലെ അപേക്ഷ അക്കാദമിക് സെക്ഷനിൽ ലഭ്യമായിരുന്നില്ലെന്നുമാണ്. ആയതിനാൽ പിന്നീട് 13.03.2020ന് ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ കോവിഡ് രോഗവ്യാപനത്തെ തുടർന്ന് ലോക്ക്ഡൗൺ ആയതിനാൽ 10.08.2020 നാണ് സെക്ഷനിൽ ലഭ്യമായതെന്നും ആയതിന് 13.08.2020ന് മറുപടി നൽകിയിരുന്നുവെന്നുമാണ്. കൂടാതെ 18.06.2021ലെ കമ്മീഷന്റെ കത്തിൽ 27.07.2021ന് മറുപടി നൽകിയിരുന്നുവെന്നും 23.11.2022ന് കമ്മീഷൻ ഹീയറിംഗ് വെച്ചിരുന്നുവെങ്കിലും പരീക്ഷാ വിഭാഗം പൊതുവിവരാവകാശ അധികാരിയ്ക്കുളള ടി കത്ത് സെക്ഷനിൽ വൈകിയാണ് ലഭ്യമായതെങ്കിലും പരീക്ഷാ വിഭാഗം ആയത് പരിശോധിച്ച് പ്രസ്തുത ഹീയറിംഗിന് പങ്കെടുക്കേണ്ടത് അക്കാദമിക് വിഭാഗം പെതുവിവരാവകാശ അധികാരിയാണെന്ന് മനസ്സിലാക്കിയപ്പോൾ ഹിയറിംഗ് കഴിഞ്ഞിരുന്നുവെന്നുമാണ്. ആയതിനാലാണ് പ്രസ്തുത ദിവസത്തെ ഹിയറിംഗിൽ പങ്കെടുക്കാൻ സാധിക്കാതെ പോയതെന്നും മന:പ്പൂർവ്വമല്ലാതെ സംഭവിച്ച ടി വീഴ്ച മാപ്പാക്കണെ

മെന്നും നടപടി സ്വീകരിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ഒന്നാം എതിർകക്ഷി കമ്മീഷനിൽ ബോധിപ്പിച്ചിട്ടുണ്ട്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, 27.07.2021ൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/